## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 879 — 30.01.2019-ൽ മറുപടിയ്ക്ക്.

# പ്രളയത്തിൽ ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് കഴിഞ്ഞ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.<br>പ്രളയത്തിൽ 5163 കറവപശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.<br>പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഈ കുറവ് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. |
| (ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടമായ ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ? | (ബി) ക്ഷീരവികസന മേഖലയിൽ ഉണ്ടായ കനത്ത നാശനഷ്ടം നികത്തുന്നതിനായി 2018-19 വർഷത്തെ പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി ഒട്ടനവധി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിജൻസി ഫണ്ട് ഇനത്തിൽ 24.9 ലക്ഷം രൂപയും, പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപ എന്നീ ഇനത്തിൽ തുക ഉപയോഗപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടം വരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന്, കാലിത്തൊഴുത്ത് നിർമ്മിക്കുക / നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നീ ലക്ഷ്യത്തോടുകൂടി ഒരു പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം 17.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ, 2.68 |

കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**